ശ്രീ. ഇ. അഹമ്മദ് : ഇതിൽ പലരും താലൂക്കിലെ വ്യവസായങ്ങളാണ്. അതുകൊണ്ട് താലൂക്കിനെ സംബന്ധിച്ചുള്ള ചോദ്യമാണെങ്കിൽ എനിക്ക് മറുപടി പറയാൻ സാദ്ധ്യമല്ല. എഴുതിത്തന്ന ചോദ്യത്തിനും അല്ലാതെയും ആയിട്ടും ഈ സഭയിൽ ഞാൻ മറുപടി പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ. പങ്കജാക്ഷൻ : വ്യാവസായികമായി പിന്നോക്ക ജില്ലയായ തിരുവനന്തപുരം, നെടുമങ്ങാട് താലൂക്കിൽ തൊളിക്കോട് പ്രദേശത്ത് ഒരു സ്പിന്നിംഗ് മിൽ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങളുണ്ടായിരുന്നു. അതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് കഴിഞ്ഞതവണ വ്യക്തമാക്കിയിട്ടുണ്ട്. അതിപ്പോൾ ഏതു ഘട്ടത്തിൽ ഇരിക്കുന്നു.

ശ്രീ. ഇ. അഹമ്മദ് : ഞാൻ സ്പിന്നിംഗ് മില്ലിനെ സംബന്ധിച്ച് നേരത്തെ പറഞ്ഞു. നെടുമങ്ങാടിൽ അത് ആരംഭിക്കാനുള്ള നടപടികൾ എടുത്തപ്പോൾ ഇൻഡ്യാഗവൺമെൻറ് ആരംഭിച്ചതിനെ സംബന്ധിച്ച് തീരുമാനമില്ലാത്തതുകൊണ്ട് ആ നയത്തെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം തരുന്നതുവരെ തുടങ്ങാൻ പാടില്ല എന്നു പറഞ്ഞതുകൊണ്ട് മാത്രമാണ് തൽക്കാലം നിറുത്തിവച്ചത്.

കൈത്തറി തുണിയെന്ന പേരിൽ വിറ്റഴിക്കുന്ന മിൽത്തുണി

* 238. [259] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
,, പി. വി. കുഞ്ഞിക്കണ്ണൻ :
,, എം. ജിനദേവൻ :
ശ്രീമതി പി. ദേവൂട്ടി :
ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യന്ത്രത്തറിയിൽ ഉൽപ്പാദിപ്പിക്കുന്ന തുണിത്തരങ്ങൾ തമിഴ്നാട്ടിൽ നിന്നും കൊണ്ടുവന്ന് കൈത്തറി എന്ന ലേബലൊട്ടിച്ച് സംസ്ഥാനത്ത് വിറ്റഴിക്കുന്നവിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ട കേസ്സുകളിൽ നടപടിയെടുത്തിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : തമിഴ് നാട്ടിൽ നിന്നും യന്ത്രത്തറികളിലൂടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന തുണിത്തരങ്ങൾ ശേഖരിച്ച് കൈത്തറി തുണിത്തരങ്ങളായി മുദ്രകുത്തി അന്യ രാജ്യങ്ങളിലേക്ക് കയറ്റി അയക്കാൻ ബോംബയിൽ വ്യവസായം നടത്തുന്ന ഒരു പ്രമുഖ മലയാളിക്ക് അവസരം നൽകിയതായി കൈത്തറി വികസന കോർപ്പറേഷനെക്കുറിച്ച് വല്ല ആക്ഷേപവും ഗവൺമെൻറിന് കിട്ടിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ് : ഇത് സംബന്ധിച്ച് ഇതിൽ തന്നെ പ്രത്യേക ചോദ്യമായി വന്നിട്ടുണ്ട്. അതിനുള്ള ഉത്തരം അതിൽ കൊടുത്തിട്ടുണ്ട്. ഇതിനെ സംബന്ധിച്ചുള്ള ആക്ഷേപം ഗവൺമെന്റിന് കിട്ടിയപ്പോൾ അത് സംബന്ധിച്ച് വേണ്ടപ്പെട്ട അന്വേഷണം നടത്താനായി വിജിലൻസ് ഡിപ്പാർട്ടുമെന്റിനെ ഭരമേൽപ്പിച്ചിരിക്കുകയാണ്. വിജിലിൻസ് ഡിപ്പാർട്ടുമെന്റ് അത് സംബന്ധിച്ചുള്ള അന്വേഷണങ്ങൾ നടത്തിവരികയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഈ മലയാളിയെന്നു പറയുന്നത് ഗവൺമെന്റുമായിട്ടു, മുഖ്യമന്ത്രിയുമായിട്ടും അടുത്ത ബന്ധമുള്ള ആളായതുകൊണ്ട് ആ കേസ് പൂഴ്ത്തിവയ്ക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. ഇ. അഹമ്മദ് : അങ്ങനെ ആരെയെങ്കിലും പൂഴ്ത്തി വച്ച് രക്ഷപ്പെടുത്തണമെന്നുള്ള ഉദ്ദേശം ഈ ഗവൺമെന്റിന് മുൻപുമില്ല, ഇപ്പോഴുമില്ല. കാരണം, ഇത് സംബന്ധിച്ചുള്ള ആരോപണം കിട്ടിയപ്പോൾ അത് വിജിലിൻസിന് റെഫർ ചെയ്തുകൊണ്ടുതന്നെ ഇതിൽ ഗവൺമെന്റ് ഗൗരവം കാണിക്കുന്നു വെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്.

ശ്രീ. എം. ജിനദേവൻ : യന്ത്രത്തറിയിൽ ഉൽപ്പാദിപ്പിക്കുന്ന തുണി തമിഴ് നാട്ടിൽ നിന്ന് ഇങ്ങോട്ട് ഇറക്കുമതി ചെയ്യുന്നുണ്ടെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നു മന്ത്രി ഇവിടെ പറഞ്ഞു. അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ഇ. അഹമ്മദ് : ഹാൻഡ്ലൂം ഡവലപ്പ്മെന്റ് കോർപ്പറേഷനിലൂടെ അയ്യായിരത്തിൽ ചിലവാനം ദോത്തികൾ കഴിഞ്ഞ ഒരാണ്ട് വാങ്ങിയപ്പോൾ അത് മിൽതുണിയാണെന്ന് കണ്ടുപിടിക്കുകയുണ്ടായി. ഉടനെ തന്നെ ഗവൺമെന്റ് വിശദീകരണങ്ങൾ ആവശ്യപ്പെടുകയും, ബോർഡിനോട് തക്ക നടപടികളെടുക്കാൻ പറയുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ രണ്ടു ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടിയെടുത്തു കഴിഞ്ഞു. അതിൽ ഒരാളെ ഡിസ്മിസ് ചെയ്തു, മറ്റൊരാൾ ഇപ്പോഴും സസ്പെൻഷനിലാണ്.

ശ്രീ. എം. ജിനദേവൻ : കഴിഞ്ഞ ഓണക്കാലത്ത് നമ്മുടെ സംസ്ഥാനത്ത് 33 ശതമാനംവരെ റിബേറ്റ് നൽകി വിറ്റഴിച്ച കൈത്തറി തുണികളിൽ ഏറിയ പങ്കും തമിഴ്നാട്, കർണ്ണാടകം തുടങ്ങിയ സംസ്ഥാനങ്ങളിലെ മില്ലുകളിൽ ഉൽപ്പാദിപ്പിച്ചതും, യന്ത്രത്തറികളിലുൽപ്പാദിപ്പിച്ചതുമായ മിൽതുണികളായിരുന്നുവെന്ന കാര്യം ഗവൺമെന്റിനറിയാമോ ?

ശ്രീ. ഇ. അഹമ്മദ് : ഈ കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. കാരണം, ഈ സഹകരണ സംഘങ്ങൾ പലരാണ് നടത്തുന്നതെന്നുള്ള കാര്യം ബഹുമാനപ്പെട്ട ജിനദേവന് അറിയാമല്ലോ ? അവർ അങ്ങനെ കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ തെറ്റാണെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപെടുമ്പോൾ അതിനു വേണ്ട നടപടികളെടുക്കും. ബഹുമാനപ്പെട്ട എല്ലാം മെമ്പർമാരും അതിൽ സഹകരിക്കണമെന്നുകൂടി ഞാൻ പറയുകയാണ്.

ശ്രീ. വി. ജെ. തങ്കപ്പൻ : ഈ യന്ത്രത്തറികളിൽ ഉൽപ്പാദിപ്പിക്കപ്പെട്ട ഉൽപ്പന്നങ്ങൾ നമ്മുടെ സംസ്ഥാനത്തിലെ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ വഴി കൈത്തറി തുണിയെന്ന വ്യാജേന വിറ്റഴിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. അഹമ്മദ് : കോ-ഓപ്പ്ടെക്സ് എന്നു പറയുന്നത് തമിഴ് നാട്ടിലെ ഗവൺമെൻറിന്റെ കീഴിലുള്ള ഒരു സ്ഥാപനമാണ്. അങ്ങനെയുള്ള ആ സ്ഥാപനം മിൽതുണി കൈത്തറിയായി വിൽക്കുന്നുവെന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടേയില്ല. നേരേമറിച്ച്, മറ്റ് ചില സ്വകാര്യ വ്യക്തികളും അങ്ങനെ ചെയ്യുന്നതായി കണ്ടപ്പോൾ അങ്ങനെയുള്ള സെയിൽസ് നിർത്തുന്നതിനെ സംബന്ധിച്ച് ലോക്കൽ അതോറിറ്റീസിനെ തെര്യപ്പെടുത്തുകയുണ്ടായി. വേണ്ട മേൽ നടപടി എടുക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

[ശ്രീ. വി. ജെ. തങ്കപ്പൻ : യന്ത്രത്തറികളിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളും കൈത്തറി ഉൽപ്പന്നങ്ങളും തമ്മിൽ വേർതിരിച്ചറിയുന്നതിന് എന്തെങ്കിലും സംവിധാനം. ഡിപ്പാർട്ടുമെൻറിൽ നിന്ന് ഉണ്ടായിട്ടുണ്ടോ ?

ശ്രീ. ഇ. അഹമ്മദ് : ഡിപ്പാർട്ടുമെൻറിൽ അങ്ങനെ ഒരു സംവിധാനമുള്ളതുകൊണ്ടാണ് ഇത് വേറെയാണെന്ന് മനസ്സിലാക്കാൻ കഴിയുന്നത്.

ശ്രീ. വി. സുരേന്ദ്രൻ പിള്ള : ഓണം, ബക്രീഡ്, ക്രിസ്തുമസ് തുടങ്ങിയ വേളകളിൽ വടക്കേ ഇൻഡ്യയിലെ ചില മില്ലുകളിൽ ഉൽപ്പാദിപ്പിക്കുന്ന പഴയ തുണികളും നമ്മുടെ നാട്ടിൽ പുതിയ ലേബൽ ഒട്ടിച്ചുകൊണ്ടുവരികയും ആകർഷകങ്ങളായ പാസ്യങ്ങളൊക്കെ കൊടുത്ത് ഇവിടെ വിറ്റഴിക്കുകയും ചെയ്യുന്നുണ്ട്. അങ്ങനെ ചെയ്യുന്നതുകൊണ്ട് ഇവിടെ ഉൽപ്പാദിപ്പിക്കുന്ന കൈത്തറി തുണികൾക്ക് നല്ല മാർക്കറ്റ് ലഭിക്കാതെ പോകുന്നുവെന്നുള്ള സ്ഥിതിവിശേഷം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് തടയാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. അഹമ്മദ് : കേരളത്തിലെ ഉൽപ്പന്നങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽ വിറ്റഴിക്കപ്പെടുന്നതുപോലെ മറ്റ് സംസ്ഥാനങ്ങളിലെ ഉൽപ്പന്നങ്ങൾ കേരളത്തിൽ വിറ്റഴിക്കപ്പെടുന്നുണ്ട്. അതു തടയാൻ സാദ്ധ്യമല്ല. എന്തായാലും പരസ്യങ്ങളുടെ മായാവലയത്തിൽപ്പെടാതിരിക്കാൻ സൂക്ഷിക്കേണ്ടത് ജനങ്ങളുടെയും, നമ്മളോരോരുത്തരുടേയും കടമയാണ്.

ശബരിമലയുടെ വികസനത്തിന് ആവശ്യപ്പെട്ട വനഭൂമി

* 239. [260] ശ്രീ. കെ. കെ. ബാലകൃഷ്ണൻ :
,, കെ. കൃഷ്ണൻകുട്ടി :
,, വി. സി. കബീർ :
,, പി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയുടെ വികസനത്തിനായി എത്ര ഏക്കർ വനഭൂമിയാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് ആവശ്യപ്പെട്ടിട്ടുള്ളത് ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കേന്ദ്ര ഗവൺമെൻറ് അറിയിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ തീരുമാനം എന്താണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly